## കേരള നിയമസഭ
## 11.06.2014–ലെ മറുപടിക്ക്

### പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം
2014 ജൂൺ 11, ബുധൻ
നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ
(ആകെ ചോദ്യങ്ങൾ – 30)

| മറുപടി നൽകുന്ന മന്ത്രിമാർ |
|---|
| ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി |
| ജലവിഭവ വകുപ്പുമന്ത്രി |
| തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി |
| പട്ടികജാതി – പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി |

### മദ്യശാല തൊഴിലാളികളുടെ പുനരധിവാസം

*61 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)
,, എം. ചന്ദ്രൻ
,, കെ. ദാസൻ
,, കെ. വി. അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബാറുകൾ അടച്ചുപൂട്ടിയത് മൂലം മദ്യശാലകളിലും അനുബന്ധ ഹോട്ടലുകളിലും പണിയെടുത്തുകൊണ്ടിരുന്ന ആയിരക്കണക്കിന് തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെട്ട സാഹചര്യത്തിൽ അവരെ പുനരധിവസിപ്പിക്കാൻ തയ്യാറാകുമോ;

(ബി) തൊഴിൽ നഷ്ടപ്പെട്ട തൊഴിലാളികൾക്ക് ആശ്വാസധനം നൽകി അവരെ സംരക്ഷിക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 11.06.2014–ലെ മറുപടിക്ക്

കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ
പ്രവർത്തനത്തിലെ വീഴ്ച

*62 ശ്രീ. പി. റ്റി. എ. റഹീം
ശ്രീമതി കെ. കെ. ലതിക
ശ്രീ. ബി. ഡി. ദേവസ്സി
'' സി. കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള മെഡിക്കൽ സർവ്വിസസ് കോർപ്പറേഷന്റെ പ്രവർത്തനത്തിൽ വീഴ്ചയുണ്ടായതിന്റെ കാരണം വിലയിരുത്തിയിരുന്നോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) കോർപ്പറേഷൻ എം. ഡി.ക്കെതിരെ ഉയർന്ന അഴിമതിയാരോപണങ്ങളെ കുറിച്ച് അന്വേഷണം നടത്തിയിരുന്നുവോ; കണ്ടെത്തലുകൾ അറിയിക്കാമോ;

(സി) എം. ഡി. യെ തൽസ്ഥാനത്തു നിന്ന് മാറ്റാനിടയായതിന്റെ കാരണം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 11.06.2014–ലെ മറുപടിക്ക്

നാഷണൽ രജിസ്റ്റർ ഓഫ് ലാർജ് ഡാംസ്

*63 ശ്രീമതി ജമീലാ പ്രകാശം
ശ്രീ. സി. കെ. നാണു
,, ജോസ് തെറ്റയിൽ
,, മാത്യു റ്റി. തോമസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നാഷണൽ രജിസ്റ്റർ ഓഫ് ലാർജ് ഡാംസ്-ൽ കേരളത്തിൽ നിന്നുള്ള എത്ര അണക്കെട്ടുകളാണ് ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് അറിയാമോ;

(ബി) അവ സംബന്ധിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) 27–12–2013–ന് മുമ്പ് മുല്ലപ്പെരിയാർ, പെരുവാരിപള്ളം, തുണക്കടവ്, പറമ്പിക്കുളം എന്നീ ഡാമുകളെ സംബന്ധിച്ച് പ്രസ്തുത രജിസ്റ്ററിൽ എങ്ങനെയാണ് രേഖപ്പെടുത്തിയിരിക്കുന്നത് എന്ന് അറിയാമോ;

(ഡി) 27–12–2013–ൽ ചേർന്ന നാഷണൽ കമ്മിറ്റി ഓൺ ഡാം സേഫ്റ്റിയുടെ 32–ാമത് യോഗത്തിന് ശേഷം പ്രസ്തുത ഡാമുകളുടെ സ്റ്റാറ്റസിനെ സംബന്ധിച്ച എന്തെങ്കിലും പുതിയ തീരുമാനം സ്വീകരിച്ചിരുന്നതായി അറിയാമോ; എങ്കിൽ ആയത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ഇ) പ്രസ്തുത നാല് ഡാമുകളെയും തമിഴ്നാട് ഓൺഡ്, ഓപ്പറേറ്റഡ് ആന്റ് മെയിന്റയിൻഡ് ചെയ്തു വരുന്ന രീതിയിൽ നാഷണൽ രജിസ്റ്ററിൽ മാറ്റം വരുത്തുന്നതിന് പ്രസ്തുത യോഗത്തിൽ തീരുമാനം ഉണ്ടായിരുന്നോ; എങ്കിൽ അത്തരത്തിൽ ഒരു തീരുമാനം കൈക്കൊള്ളുന്നതിന് സ്വീകരിച്ച മാനദണ്ഡം എന്താണെന്ന് അറിയാമോ;

(എഫ്) പ്രസ്തുത യോഗത്തിൽ കേരളത്തെ പ്രതിനിധീകരിച്ച് ആരാണ് പങ്കെടുത്തത് ;

(ജി) കേരളത്തിന്റെ പ്രതിനിധി ആ തീരുമാനത്തെ എതിർത്തിരുന്നോ; ഇല്ലെങ്കിൽ ആയതിന്റെ കാരണം വിശദമാക്കുമോ;

(എച്ച്) ഇക്കാര്യത്തിൽ അന്വേഷണം നടത്തി വീഴ്ച വരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കാൻ തയ്യാറാകുമോ ?

# കേരള നിയമസഭ
## 11.06.2014-ലെ മറുപടിക്ക്

<u>മരുന്നു ദൗർലഭ്യത</u>

*64 ശ്രീ. ജെയിംസ് മാത്യു
ഡോ. കെ. ടി. ജലീൽ
ശ്രീ. വി. ശിവൻകുട്ടി
,, എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ ആശുപത്രികളിൽ അവശ്യ മരുന്നുകൾ ഉൾപ്പെടെ മരുന്നുകളൊന്നും ലഭ്യമല്ലാത്തതിനാൽ രോഗികൾ ദുരിതത്തിലായിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മരുന്നു ദൗർലഭ്യം പരിഹരിക്കാനായി എടുത്ത നടപടികൾ വിശദമാക്കാമോ;

(സി) മരുന്നു വാങ്ങുന്നതിൽ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ ഭാഗത്തുനിന്നും വീഴ്ച ഉണ്ടായിട്ടുണ്ടോ; എങ്കിൽ കാരണം അറിയിക്കാമോ?

# കേരള നിയമസഭ
## 11.06.2014–ലെ മറുപടിക്ക്

<u>ഭൂഗർഭജല സംരക്ഷണം</u>

*65 ശ്രീ. പി. ഉബൈദുള്ള
,, എം. ഉമ്മർ
,, എൻ. എ. നെല്ലിക്കുന്ന്
,, റ്റി. എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭൂഗർഭജലവിതാനം ക്രമാതീതമായി താഴുന്നു എന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഭൂഗർഭജലറീചാർജ്ജിംഗിന് പദ്ധതികൾ നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ;വിശദവിവരം നൽകുമോ;

(സി) ഭൂഗർഭജല സംരക്ഷണം ലക്ഷ്യമിട്ട് തടയണകളും ഉപപ്രതല അണകളും നിർമ്മിക്കുന്ന കാര്യത്തിൽ ആവശ്യമായ പഠനം നടത്തുമോ?

# കേരള നിയമസഭ
## 11.06.2014–ലെ മറുപടിക്ക്

<u>അട്ടപ്പാടി ശിശുമരണ നിവാരണ ആരോഗ്യ പാക്കേജ്</u>

*66 ശ്രീ. കെ.വി. വിജയദാസ്
,, എ.കെ. ബാലൻ
,, എം. ഹംസ
,, കെ.എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടിയിൽ വീണ്ടും നവജാത ശിശുക്കൾ മരിക്കാനിടയായ സാഹചര്യത്തിൽ ഈ മേഖലയിൽ ആരോഗ്യവകുപ്പ് നടത്തിയ ഇടപെടലുകൾ അറിയിക്കാമോ;

(ബി) മുൻവർഷം ശിശുമരണത്തെ തുടർന്ന് പ്രഖ്യാപിച്ച പ്രത്യേക ആരോഗ്യ പാക്കേജ് വിശദീകരിക്കുമോ;

(സി) പാക്കേജ് പ്രാവർത്തികമായോ; നിലവിലെ സ്ഥിതി വ്യക്തമാക്കുമോ;

(ഡി) അധികമായി പ്രഖ്യാപിച്ച തസ്തികളിൽ നിയമനം നടത്തിയോ; വിശദവിവരം നൽകാമോ?

# കേരള നിയമസഭ
## 11.06.2014-ലെ മറുപടിക്ക്

ഫുഡ്സേഫ്റ്റി നിയമപ്രകാരം ലൈസൻസും രജിസ്ട്രേഷനും

*67 ശ്രീ. രാജു എബ്രഹാം
,, കോടിയേരി ബാലകൃഷ്ണൻ
,, കോലിയക്കോട് എൻ. കൃഷ്ണൻ നായർ
,, ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭക്ഷ്യവസ്തുക്കൾ വിപണനം നടത്തുന്നവർക്ക് ഫുഡ് സേഫ്റ്റി നിയമപ്രകാരം ലൈസൻസോ രജിസ്ട്രേഷനോ നിർബന്ധമാക്കിയിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത വ്യാപാരികളെല്ലാം രജിസ്ട്രേഷൻ എടുത്തിട്ടുണ്ടോ ;

(ബി) ലൈസൻസ് നൽകുന്നതിനായി എന്തൊക്കെ നിബന്ധനകളാണുള്ളത് ; പരിശോധന നടത്തിയശേഷമാണോ ലൈസൻസും രജിസ്ട്രേഷനും നൽകുന്നത് ;

(സി) സംസ്ഥാനത്ത് വ്യാപകമായി ഭക്ഷ്യയോഗ്യമല്ലാത്തതും മായം കലർന്നതുമായ ആഹാര പദാർത്ഥങ്ങൾ നൽകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഇതു തടയാനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ ; കുറ്റക്കാർക്കെതിരെ സ്വീകരിച്ച നടപടികളുടെ വിശദാംശം നൽകുമോ ?

**കേരള നിയമസഭ**
**11.06.2014–ലെ മറുപടിക്ക്**

<u>മുല്ലപ്പെരിയാർ തുടർനടപടി</u>

*68 ശ്രീമതി പി. അയിഷാ പോറ്റി
ശ്രീ. എസ്. രാജേന്ദ്രൻ
,, വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുല്ലപ്പെരിയാർ പ്രശ്നത്തിൽ കേരളത്തിന് പ്രതികൂലമായ സുപ്രീം കോടതി വിധി കേസ് നടത്തിപ്പിലുണ്ടായ വീഴ്ചകൊണ്ടാണെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(ബി) തമിഴ്നാടിനുവേണ്ടി കേസ് വാദിച്ചിരുന്നയാൾ അഡ്വക്കേറ്റ് ജനറൽ ആയി സംസ്ഥാന സർക്കാരിനു വേണ്ടി കേസ് നടത്തിപ്പിന് നേതൃത്വം നൽകിയിട്ടുണ്ടോ; പ്രസ്തുത കേസ് നടത്തിപ്പിൽ ഏതൊക്കെ കാര്യങ്ങൾ സംസ്ഥാന താല്പര്യത്തിനു ഹാനികരമായി എന്ന് പരിശോധിച്ചിട്ടുണ്ടോ;

(സി) ഇക്കാര്യത്തിൽ എന്തു തുടർനടപടികളാണ് സ്വീകരിക്കാൻ പോകുന്നതെന്ന് അറിയിക്കുമോ;

(ഡി) പ്രസ്തുത നടപടിക്ക് നേതൃത്വം നൽകുന്നതിൽ നിന്ന് വീഴ്ച വരുത്തിയ ഉദ്യോഗസ്ഥരെ ഒഴിവാക്കി മന്ത്രിതല സമിതി നേതൃത്വം ഏറ്റെടുക്കുമോ?

# കേരള നിയമസഭ
## 11.06.2014–ലെ മറുപടിക്ക്

'അമ്യൂസ്മെന്റ് പാർക്കുകളിലെ സുരക്ഷ'

*69 ശ്രീ. റോഷി അഗസ്റ്റിൻ
ഡോ. എൻ. ജയരാജ്
ശ്രീ. പി. സി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി–പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അമ്യൂസ്മെന്റ് പാർക്കുകളിൽ എത്തുന്നവരുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിന് നിലവിൽ സംവിധാനം ഉണ്ടോ; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കേന്ദ്രങ്ങളിലെ റൈഡുകളും മറ്റും അപകടസാധ്യതയുള്ളവയാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) അമ്യൂസ്മെന്റ് പാർക്കുകളിൽ വിനോദത്തിൽ ഏർപ്പെടുന്നവരുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 11.06.2014-ലെ മറുപടിക്ക്

<u>മഴവെള്ള സംഭരണികളുടെ നിർമ്മാണം</u>

*70 ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
,, വി. ഡി. സതീശൻ
,, എം. എ. വാഹീദ്
,, സി. പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിദ്യാലയങ്ങളിലും പൊതുസ്ഥാപനങ്ങളിലും മഴവെള്ള സംഭരണികൾ നിർമ്മിക്കുന്നതിന് പദ്ധതി രൂപീകരിക്കാനുദ്ദേശിക്കുന്നുണ്ടോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ നൽകുമോ;

(സി) ആരെല്ലാമാണ് ഈ പദ്ധതിയുമായി സഹകരിക്കുന്നത്; വിശദമാക്കുമോ;

(ഡി) വരൾച്ച പ്രതിരോധിക്കുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദാംശങ്ങൾ നൽകുമോ?

# കേരള നിയമസഭ
## 11.06.2014–ലെ മറുപടിക്ക്

<u>മുല്ലപ്പെരിയാർ കേസിലെ സുപ്രീം കോടതി വിധി</u>

*71 ശ്രീ. എം. ഹംസ
,, പി. കെ ഗുരുദാസൻ
,, കെ. ദാസൻ
,, സി. കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുല്ലപ്പെരിയാർ വിധിയുടെ പശ്ചാത്തലത്തിൽ അടിയന്തര സാഹചര്യമുണ്ടായാൽ നേരിടാൻ എന്തെങ്കിലും സംവിധാനം ആലോചിക്കുന്നുണ്ടോ ;

(ബി) നിലവിൽ ഒരുക്കിയിരിക്കുന്ന മുന്നറിയിപ്പു സംവിധാനങ്ങളും സുരക്ഷാസംവിധാനങ്ങളും എന്തൊക്കെയാണെന്ന് അറിയിക്കുമോ ;

(സി) സുരക്ഷാ ആശങ്കകൾ പരിശോധിക്കുന്നതിന് സുപ്രീം കോടതി നിർദ്ദേശിച്ചിട്ടുള്ള മൂന്നംഗസമിതിയുടെ പ്രവർത്തനം ഫലപ്രദമാക്കി അടിയന്തര സാഹചര്യം ഒഴിവാക്കാൻ എന്തൊക്കെ തയ്യാറെടുപ്പുകൾ നടത്തിയിട്ടുണ്ട് ; ഈ പ്രവർത്തനത്തിനു നേതൃത്വം നൽകാൻ മന്ത്രിതല സമിതിയെ നിയോഗിക്കാൻ തയ്യാറാകുമോ?

# കേരള നിയമസഭ
## 11.06.2014-ലെ മറുപടിക്ക്

<u>കയറ്റിറക്ക് കൂലി</u>

*72 ശ്രീ. അൻവർ സാദത്ത്
,, ഷാഫി പറമ്പിൽ
,, എം. പി. വിൻസെന്റ്
,, വർക്കല കഹാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചുമട്ടുതൊഴിലാളികൾക്കുള്ള കയറ്റിറക്ക് കൂലി, പോസ്റ്റ് ഓഫീസ്, അംഗീകൃത അക്ഷയകേന്ദ്രം എന്നിവ വഴി സ്വീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇതിനുള്ള അനുമതി തൊഴിൽ വകുപ്പ് നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) ഇതിനുള്ള തുടർനടപടികൾ ആരാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ?

# കേരള നിയമസഭ
# 11.06.2014-ലെ മറുപടിക്ക്

<u>എംപ്ലോയ്മെന്റ് രജിസ്ട്രേഷൻ പുതുക്കൽ</u>

*73 ശ്രീ. കെ. മുരളീധരൻ
'' തേറമ്പിൽ രാമകൃഷ്ണൻ
'' വി. ഡി. സതീശൻ
'' എം. എ. വാഹീദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എംപ്ലോയ്മെന്റ് രജിസ്ട്രേഷൻ പുതുക്കാൻ എന്തെല്ലാം അവസരങ്ങളാണ് നിലവിലുള്ളത് ; വിശദമാക്കുമോ ;

(ബി) ഈ സർക്കാരിന്റെ കാലത്ത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ വിവിധ കാരണങ്ങളാൽ രജിസ്ട്രേഷൻ പുതുക്കാൻ കഴിയാതെ സീനിയോറിറ്റി നഷ്ടപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് അവരുടെ സീനിയോറിറ്റി നിലനിർത്തി, രജിസ്ട്രേഷൻ പുതുക്കാൻ അനുമതി നൽകിയിട്ടുണ്ടോ ;

(സി) ഏത് കാലയളവിലെ രജിസ്ട്രേഷനുകൾക്കാണ് ഈ ആനുകൂല്യം ലഭ്യമാക്കുന്നത് ;

(ഡി) പ്രസ്തുത പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ നൽകുമോ ?

# കേരള നിയമസഭ
## 11.06.2014-ലെ മറുപടിക്ക്

<u>ശുചിത്വവും ഗുണനിലവാരവുമില്ലാത്ത മാംസവിൽപ്പന</u>

*74 ശ്രീ. സി. മമ്മൂട്ടി
'' എൻ. ഷംസുദ്ദീൻ
'' പി. ബി. അബ്ദുൾ റസാക്
'' പി. കെ. ബഷിർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യാവശ്യത്തിന് വിതരണം ചെയ്യപ്പെടുന്ന മാംസത്തിന്റെ ഗുണനിലവാരവും, ശുചിത്വവും ഉറപ്പുവരുത്താൻ നിലവിലുള്ള സംവിധാനങ്ങളെന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ബി) നിലവിലെ സംവിധാനത്തിലെ അപര്യാപ്തത മുതലെടുത്ത് അന്യസംസ്ഥാനങ്ങളിൽ നിന്നും പഴക്കം ചെന്നതും, ഭഷ്യയോഗ്യമല്ലാത്തതുമായ മാംസം സംസ്ഥാനത്ത് വ്യാപകമായി കടത്തിക്കൊണ്ടുവന്ന് വിൽപ്പന നടത്തുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) വ്യാജ മാംസ വിൽപ്പന തടയുന്നതിനും, ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനും അടിയന്തിര നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 11.06.2014–ലെ മറുപടിക്ക്

<u>സെക്യൂരിറ്റി തൊഴിലാളികൾക്ക് ക്ഷേമനിധി</u>

*75 ശ്രീ. വി. ശശി
,, ഇ. ചന്ദ്രശേഖരൻ
,, മുല്ലക്കര രത്നാകരൻ
ശ്രീമതി. ഇ. എസ്. ബിജിമോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സെക്യൂരിറ്റി തൊഴിലാളികൾ നേരിടുന്ന ചൂഷണങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സെക്യൂരിറ്റി തൊഴിലാളികൾക്ക് നിലവിൽ ഏതെങ്കിലും തരത്തിലുള്ള ആനുകൂല്യങ്ങൾ നൽകുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ;

(സി) സെക്യൂരിറ്റി തൊഴിലാളികൾക്ക് ക്ഷേമനിധി ഏർപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 11.06.2014-ലെ മറുപടിക്ക്

<u>ഗാന്ധിഗ്രാമം പദ്ധതി</u>

*76 ശ്രീ. ഐ. സി. ബാലകൃഷ്ണൻ
,, വി. പി. സജീന്ദ്രൻ
,, അൻവർ സാദത്ത്
,, ഡൊമിനിക് പ്രസന്റേഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗാന്ധിഗ്രാമം പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ വിശദമാക്കുമോ;

(സി) പദ്ധതി എവിടെയൊക്കെയാണ് നടപ്പാക്കാൻ ലക്ഷ്യമിട്ടിട്ടുള്ളത്; വിശദമാക്കുമോ;

(ഡി) പദ്ധതി നടത്തിപ്പിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

# കേരള നിയമസഭ
## 11.06.2014–ലെ മറുപടിക്ക്

ശ്രീപത്മനാഭസ്വാമി ക്ഷേത്രഭരണം സർക്കാർ ഏറ്റെടുക്കാൻ നടപടി

*77 ശ്രീ. ബി. സത്യൻ
,, എം. ചന്ദ്രൻ
,, ബാബു എം. പാലിശ്ശേരി
,, റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ശ്രീപത്മനാഭസ്വാമി ക്ഷേത്ര ഭരണം സർക്കാർ ഏറ്റെടുക്കണമെന്ന 2011 ലെ ഹൈക്കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ കൈക്കൊണ്ട നടപടികൾ അറിയിക്കുമോ ;

(ബി) ഇക്കാര്യത്തിൽ സർക്കാരിന്റെ നിലപാട് എന്താണെന്ന് അറിയിക്കുമോ ;

(സി) ക്ഷേത്രത്തിൽ നടക്കുന്ന വിവിധ ക്രമക്കേടുകളും അഴിമതിയും പ്രതിപക്ഷനേതാവ് ചൂണ്ടിക്കാട്ടീയതിന്റെ അടിസ്ഥാനത്തിൽ സർക്കാർ നടത്തിയ അന്വേഷണത്തിന്റെ വിശദാംശം നൽകുമോ ; ഇതു സംബന്ധിച്ച് എന്തെല്ലാം നടപടികൾ സ്വീകരിച്ചിരുന്നെന്നും അറിയിക്കുമോ ?

**കേരള നിയമസഭ**
**11.06.2014-ലെ മറുപടിക്ക്**

<u>ശുദ്ധജല വിതരണ പദ്ധതികളുടെ പൂര്‍ത്തീകരണം</u>

*78 ശ്രീ. ബെന്നി ബെഹനാന്‍
,, പി. സി. വിഷ്ണുനാഥ്
,, എ. പി. അബ്ദുള്ളക്കുട്ടി
,, ഹൈബി ഈഡന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) വന്‍കിട ശുദ്ധജല വിതരണ പദ്ധതികളുടെ പൂര്‍ത്തീകരണത്തിനായി പദ്ധതി രൂപീകരിക്കാന്‍ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങള്‍ എന്തെല്ലാം;

(ബി) ആരെല്ലാമാണ് ഈ പദ്ധതിയുമായി സഹകരിക്കുന്നത്; വിശദമാക്കുമോ;

(സി) വരള്‍ച്ച പ്രതിരോധിക്കുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് ഇതില്‍ ഉള്‍പ്പെടുത്തിയിരിക്കുന്നത്; വിശദാംശങ്ങള്‍ എന്തെല്ലാം?

# കേരള നിയമസഭ
## 11.06.2014-ലെ മറുപടിക്ക്

ഇ.എസ്.ഐ മെഡിക്കല്‍ കോളേജുകള്‍

*79 ശ്രീ. പാലോട് രവി
,, ജോസഫ് വാഴക്കന്‍
,, ഷാഫി പറമ്പില്‍
,, റ്റി. എന്‍ പ്രതാപന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് ഇ. എസ്. ഐ. മെഡിക്കല്‍ കോളേജുകള്‍ ആരംഭിക്കുന്നതിനുള്ള തീരുമാനമെടുത്തിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത മെഡിക്കല്‍ കോളേജുകള്‍ ആരംഭിക്കുന്നതിനായി കേന്ദ്രാനുമതി ലഭിച്ചിട്ടുണ്ടോ; വിശദാംശങ്ങള്‍ എന്തെല്ലാം;

(സി) കോളേജ് തുടങ്ങുന്നതിന് ആവശ്യമായ സ്ഥലവും മൂലധനവും എങ്ങനെ കണ്ടെത്താനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ഡി) പ്രസ്തുത കോളേജുകള്‍ തുടങ്ങുന്നതിനായി എന്തെല്ലാം നടപടികള്‍ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങള്‍ എന്തെല്ലാമാണ്?

# കേരള നിയമസഭ
## 11.06.2014–ലെ മറുപടിക്ക്

<u>പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളിൽ മിനി ലാബുകൾ ആരംഭിക്കുന്ന പദ്ധതി</u>

*80 ശ്രീ. കെ. അച്ചുതൻ
,, തേറമ്പിൽ രാമകൃഷ്ണൻ
,, എം. പി. വിൻസെന്റ്
,, ആർ. സെൽവരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളിൽ മിനി ലാബുകൾ ആരംഭിക്കുന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ;

(ബി) ഇതിലൂടെ എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ;

(സി) എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളാണ് പ്രസ്തുത ആരോഗ്യ കേന്ദ്രങ്ങളിൽ ഒരുക്കുവാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ;

(ഡി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ?

# കേരള നിയമസഭ
## 11.06.2014-ലെ മറുപടിക്ക്

മുല്ലപ്പെരിയാർ വിധിയും തുടർനടപടികളും

*81 ശ്രീ. സാജു പോൾ
,, ഇ. പി. ജയരാജൻ
,, എ. കെ. ബാലൻ
,, എ. പ്രദീപ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തമിഴ്നാടിന് മുല്ലപ്പെരിയാർ ഡാമിലെ ജലനിരപ്പുയർത്താൻ അനുമതി ലഭിച്ച സാഹചര്യത്തിൽ കേരളത്തിലെ ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകാൻ എന്തു നടപടികൾ സ്വീകരിച്ചെന്നറിയിക്കുമോ;

(ബി) കേന്ദ്രസർക്കാരുമായി ബന്ധപ്പെട്ട് സംസ്ഥാന താല്പര്യം സംരക്ഷിക്കാൻ വേണ്ട രാഷ്ട്രീയ പരിഹാരത്തിന് എന്തെങ്കിലും ശ്രമം നടത്തിയിട്ടുണ്ടോ;

(സി) കേന്ദ്രത്തിൽ മുമ്പ് അധികാരത്തിലുണ്ടായിരുന്ന സർക്കാർ സംസ്ഥാന താല്പര്യം സംരക്ഷിക്കാനായി എന്തെങ്കിലും ഉറപ്പുകൾ നൽകിയിരുന്നോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 11.06.2014–ലെ മറുപടിക്ക്

<u>വിസ ഓൺ അറൈവൽ സംവിധാനം</u>

*82 ശ്രീ. കെ. ശിവദാസൻ നായർ
,, ഹൈബി ഈഡൻ
,, ജോസഫ് വാഴക്കൻ
,, എം. എ. വാഹീദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി – പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ‘വിസ –ഓൺ–അറൈവൽ’ സംവിധാനം നിലവിൽ വന്നിട്ടുണ്ടോ ;

(ബി) പ്രസ്തുത സംവിധാനത്തിന്റെ ഉദ്ദേശലക്ഷ്യങ്ങൾ വിശദമാക്കുമോ ;

(സി) ടൂറിസം പ്രചാരണത്തിന് പ്രസ്തുത സംവിധാനം എത്രമാത്രം പ്രയോജനകരമാകുമെന്നാണ് കരുതുന്നത്; വിശദമാക്കുമോ ;

(ഡി) പ്രസ്തുത സംവിധാനത്തിന് എന്തെല്ലാം പ്രചാരണ പരിപാടികളാണ് സംഘടിപ്പിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ നൽകുമോ ?

# കേരള നിയമസഭ
## 11.06.2014-ലെ മറുപടിക്ക്

<u>ഡാമുകളിൽ നിന്നുള്ള മണൽ വാരൽ</u>

*83 ശ്രീ. കെ. രാജു
,, സി. ദിവാകരൻ
ശ്രീമതി. ഇ. എസ്. ബിജിമോൾ
ശ്രീ. ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഡാമുകളിൽ നിന്ന് മണൽ വാരുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര ഡാമുകളിൽ നിന്ന് മണൽ വാരുന്നതിനാണ് തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഡാമുകളിൽ നിന്ന് മണൽ വാരുന്നതിന് കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി ആവശ്യമുണ്ടോ; ഉണ്ടെങ്കിൽ കേന്ദ്രാനുമതി ലഭിച്ചിട്ടുണ്ടോ;

(സി) എക്കലും മണലും അടിഞ്ഞതുമൂലമുണ്ടായിട്ടുള്ള ഡാമുകളുടെ ബലക്ഷയം, വ്യാപ്തിക്കുറവ് എന്നിവ സംബന്ധിച്ച് ശാസ്ത്രീയ പഠനം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ?

## കേരള നിയമസഭ
## 11.06.2014-ലെ മറുപടിക്ക്

ഫുഡ്സേഫ്റ്റി ആന്റ് സ്റ്റാൻഡേർഡ് ആക്ട് പ്രകാരമുള്ള ക്രമീകരണങ്ങൾ

*84 ശ്രീ. പി. കെ. ബഷീർ
,, സി. മമ്മൂട്ടി
,, എൻ. ഷംസുദ്ദീൻ
,, പി. ബി. അബ്ദുൾ റസാക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2006-ലെ ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേർഡ്സ് ആക്ട് പ്രകാരമുള്ള ക്രമീകരണങ്ങൾ പൂർണ്ണമായും നടപ്പാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണങ്ങൾ വിശദമാക്കുമോ;

(ബി) ഫുഡ് സേഫ്റ്റി അപ്പലേറ്റ് ട്രിബ്യൂണൽ പോലുള്ളവ സ്ഥാപിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത ആക്ട് പൂർണ്ണമായി നടപ്പാക്കുന്നതിനു കേന്ദ്ര സഹായം ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ സഹായം നേടിയെടുക്കുന്ന കാര്യത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ?

# കേരള നിയമസഭ
## 11.06.2014–ലെ മറുപടിക്ക്

<u>സർക്കാർ ആശുപത്രികളുടെ അടിസ്ഥാന സൗകര്യ വികസനം</u>

*85 ശ്രീ. കെ. എം. ഷാജി
,, വി. എം. ഉമ്മർ മാസ്റ്റർ
,, അബ്ദുറഹിമാൻ രണ്ടത്താണി
,, കെ. എൻ. എ. ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ ആശുപത്രികളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് കേന്ദ്രം അനുമതി നല്കിയ 125.5 കോടി രൂപയുടെ പദ്ധതി നടപ്പാക്കലിന് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ വിശദമാക്കുമോ;

(ബി) പദ്ധതിപ്രകാരം ഏതൊക്കെ തലത്തിലുള്ള ആശുപത്രികളിലാണ് വികസനം നടപ്പാക്കുകയെന്നും, എന്തൊക്കെ വികസനപ്രവർത്തനങ്ങളാണ് പദ്ധതിയിൽ ഉൾപെടുകയെന്നും വിശദമാക്കാമോ;

(സി) കഴിഞ്ഞ വർഷം ഈ ഇനത്തിൽ കേന്ദ്രം അനുവദിച്ച 78.66 കോടി രൂപ ചെലവഴിച്ചതിന്റെ വിശദവിവരം നല്കാമോ?

# കേരള നിയമസഭ
## 11.06.2014–ലെ മറുപടിക്ക്

**‘ഗ്രേറ്റ് വാട്ടേഴ്സ് കാമ്പെയ്ൻ’ പരിപാടിക്ക് ലഭിച്ച പുരസ്ക്കാരവും തുടർന്നുള്ള ഉത്തരവാദിത്തങ്ങളും**

*86 ശ്രീ. എൻ.എ. നെല്ലിക്കുന്ന്
,, സി. മോയിൻകുട്ടി
,, കെ. മുഹമ്മദുണ്ണി ഹാജി
,, പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്

**പട്ടികജാതി – പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിനോദ സഞ്ചാരവകുപ്പിന്റെ ‘ഗ്രേറ്റ് വാട്ടേഴ്സ് കാമ്പെയ്ൻ’ എന്ന പ്രചാരണ പരിപാടിക്ക് ലഭിച്ച ഗോൾഡൻ സിറ്റി ഗേറ്റ് സുവർണ്ണ പുരസ്ക്കാരത്തിന്റെ പ്രയോജനം നിലനിർത്താൻ എന്തൊക്കെ ഉത്തരവാദിത്തങ്ങൾ വകുപ്പ് ഏറ്റെടുക്കണമെന്നതു സംബന്ധിച്ച വിശദമായ രൂപരേഖ തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) ഉൾനാടൻ ജലാശയങ്ങളും, അനുബന്ധ ജലപാതകളും,മാലിന്യവിമുക്തമാക്കാനും, കൈയേറ്റം മൂലമുള്ള വിസ്തൃതിക്കുറവും, പാരിസ്ഥിതിക പ്രശ്നങ്ങളും, സഞ്ചാരികളുടെ സുരക്ഷയും ഉറപ്പാക്കാനും എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 11.06.2014-ലെ മറുപടിക്ക്

<u>പെന്റാവാലന്റ് കുത്തിവെയ്പിന്റെ ഫലപ്രാപ്തി പഠനം</u>

*87 ശ്രീ. ബാബു എം. പാലിശ്ശേരി
,, കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
,, സി. കൃഷ്ണൻ
,, കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇന്ത്യയിൽ പ്രാരംഭ പദ്ധതിയെന്ന നിലയിൽ കേരളത്തിൽ നടപ്പിലാക്കിയ പെന്റാവാലന്റ് കുത്തിവെയ്പിന്റെ ഫലപ്രാപ്തി പഠനം കേന്ദ്രസർക്കാർ നടത്തിയോ;

(ബി) റിപ്പോർട്ടിലെ പ്രധാന കണ്ടെത്തലുകൾ അറിയിക്കാമോ;

(സി) പെന്റാവാലന്റ് പ്രതിരോധ കുത്തിവെയ്പിനെത്തുടർന്ന് കുട്ടികൾ മരിച്ച സംഭവം റിപ്പോർട്ട് ചെയ്തതിന്റെ പശ്ചാത്തലത്തിൽ ഫലപ്രാപ്തി അവലോകന റിപ്പോർട്ട് പ്രസിദ്ധീകരിക്കാതെ പ്രസ്തുത കുത്തിവെയ്പ് തുടരുന്നത് നിർത്തലാക്കാൻ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടാൻ തയ്യാറാകുമോ;

(ഡി) മറ്റു സംസ്ഥാനങ്ങളിലേക്ക് പ്രസ്തുത പദ്ധതി കേന്ദ്രസർക്കാർ വ്യാപിപ്പിക്കാത്തതിന്റെ കാരണം അറിയാമോ; വിശദമാക്കുമോ?

# കേരള നിയമസഭ
# 11.06.2014–ലെ മറുപടിക്ക്

<u>പിന്നോക്ക ക്ഷേമ വകുപ്പിന്റെ പ്രവർത്തനങ്ങൾ</u>

*88 ശ്രീ. ജോസ് തെറ്റയിൽ
,, മാത്യു. റ്റി. തോമസ്
ശ്രീമതി ജമീലാ പ്രകാശം
ശ്രീ. സി. കെ. നാണു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി – പിന്നോക്കസമുദായക്ഷേമവും**
**വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പിന്നോക്ക ക്ഷേമ വകുപ്പിന്റെ പ്രവർത്തനങ്ങൾക്കായി 2013 –2014 –ലെ ബഡ്ജറ്റിൽ വകയിരുത്തിയ തുക മുഴുവനും ചിലവഴിച്ചുവോ; വ്യക്തമാക്കുമോ;

(ബി) 2013 –2014 സാമ്പത്തിക വർഷത്തിലേക്ക് ആവിഷ്കരിച്ച പദ്ധതികളെ സംബന്ധിച്ചും അവയുടെ പ്രവർത്തന പുരോഗതിയെക്കുറിച്ചുള്ള വിവരങ്ങളും വിശദീകരിക്കുമോ;

(സി) പിന്നോക്ക ക്ഷേമ വകുപ്പ് ആവിഷ്കരിക്കുന്ന പദ്ധതികൾ നടപ്പിലാക്കാൻ പര്യാപ്തമായ ജീവനക്കാരും ഓഫീസ് സംവിധാനവും നാളിതുവരെ നൽകിയിട്ടില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ അവ പരിഹരിക്കാൻ എന്ത് നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 11.06.2014–ലെ മറുപടിക്ക്

<u>ടൂറിസം വരുമാനം വർദ്ധിപ്പിക്കാൻ കർമ്മപദ്ധതികൾ</u>

*89 ശ്രീ. പി. എ. മാധവൻ
,, വർക്കല കഹാർ
,, സണ്ണി ജോസഫ്
,, കെ. മുരളീധരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി – പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം ടൂറിസം വഴിയുള്ള വരുമാനം വർദ്ധിപ്പിക്കാൻ എന്തെല്ലാം കർമ്മപദ്ധതികളാണ് ആസൂത്രണം ചെയ്തിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) കഴിഞ്ഞ സാമ്പത്തിക വർഷം എത്രകോടി രൂപയുടെ വരുമാനമാണ് ലക്ഷ്യമിട്ടിരുന്നതെന്ന് വിശദമാക്കുമോ;

(സി) വരുമാന വർദ്ധനവിനായി ടൂറിസം മേഖലയുമായി ബന്ധപ്പെട്ടവർക്ക് എന്തെല്ലാം സഹായങ്ങളും പ്രോത്സാഹനങ്ങളുമാണ് നൽകാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;

(ഡി) ഇതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 11.06.2014–ലെ മറുപടിക്ക്

<u>നോക്കുകൂലി പ്രശ്നം</u>

*90 ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി
,, വി. റ്റി. ബൽറാം
,, വി. ഡി. സതീശൻ
,, എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നോക്കുകൂലി വിമുക്തമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ;

(ബി) ഏതെല്ലാം ജില്ലകളെ നോക്കുകൂലി വിമുക്ത ജില്ലകളായി പ്രഖ്യാപിച്ചിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) പ്രസ്തുത ജില്ലകളിൽ നോക്കുകൂലി പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിന് ഏതെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ഡി) അവശേഷിക്കുന്ന ജില്ലകളെകൂടി നോക്കുകൂലി വിമുക്ത ജില്ലകളാക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; വിശദമാക്കുമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, പി. ഡി. ശാരംഗധരൻ,
തിരുവനന്തപുരം, സെക്രട്ടറി.
2014 ജൂൺ 2.

<u>പ്രത്യേക ശ്രദ്ധയ്ക്ക്:</u> നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവസഭയിൽ ഉന്നയിക്കുന്നതിന്റെ തലേ ദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി നിയമസഭാ സെക്രട്ടേറിയറ്റിൽ എത്തിച്ചിരിക്കേണ്ടതാണ്. [ചട്ടം 47(1)]